entri

## Current affairs 07 Sep 2025

- **രാജ്യത്തെ വൈവിധ്യമാർന്ന ആദിവാസി ഗോത്രഭാഷകളുടെ എഐ തർജമയ്ക്ക് ആദിവാസി ക്ഷേമ മന്ത്രാലയം അവതരിപ്പിച്ച പുതിയ മൊബൈൽ ആപ്ലിക്കേഷൻ**

  ആദി വാണി

  - ഐഐടി ഡൽഹി, ബിറ്റ്സ് പിലാനി, ഹൈദരാബാദ്-നയാ റായ്പൂർ ഐഐഐടികൾ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ആദിവാസി ക്ഷേമ മന്ത്രാലയം ആപ്പ് വികസിപ്പിച്ചത്.

---

- **ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് പ്രതിമാസം 2,100 രൂപ നൽകി സാമ്പത്തികമായി സഹായിക്കുന്നതിനുള്ള ക്ഷേമ പദ്ധതിയായ 'ലാഡോ ലക്ഷ്മി യോജന' ആരംഭിച്ച സംസ്ഥാനം**

  ഹരിയാന

---

- **ലോകത്തിലെ പ്രശസ്ത ചലച്ചിത്ര മേളകളിലൊന്നായ വാൻകൂവർ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പി. അഭിജിത്ത് സംവിധാനം ചെയ്ത ഡോക്യുമെന്ററി**

  Iam Revathi

  - എഴുത്തുകാരിയും ആക്ടിവിസ്റ്റും അഭിനേതാവുമായ ട്രാൻസ് വുമൺ എ. രേവതിയുടെ ജീവിതമാണ് പി. അഭിജിത്ത് സംവിധാനം ചെയ്ത 'Iam Revathi' എന്ന ഡോക്യുമെന്ററിയുടെ ഇതിവൃത്തം.

---

- **ആണവോർജ്ജ വകുപ്പ് (ഡിഎഇ) സെക്രട്ടറിയും ആണവോർജ്ജ കമ്മീഷൻ ചെയർമാനുമായി രണ്ടാമതും നിയമിതനായത്**

  ഡോ. അജിത് കുമാർ മൊഹന്തി

  - ആണവോർജ്ജ വകുപ്പ് (ഡിഎഇ) സെക്രട്ടറിയും ആണവോർജ്ജ കമ്മീഷൻ ചെയർമാനുമായ ഡോ. അജിത് കുമാർ മൊഹന്തിയുടെ കാലാവധി ആറ് മാസത്തേക്ക് മന്ത്രിസഭയുടെ നിയമന സമിതി (എസിസി) നീട്ടി.

---


- **സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ പൂർണമായും ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി നിലവിൽ വന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം**

  ഇ-സമൃദ്ധ











ഡോ. അജിത് കുമാർ മൊഹന്തി

4.8 ★ Download the app now | Learn in Malayalam